"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി.സി.1/180/2023/ തസ്വഭവ
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-08-2026

**സർക്കുലർ**

വിഷയം:- കാലവർഷ മുന്നൊരുക്കവും ദുരന്ത പ്രതികരണവും - Orange Book 2026 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ - നിർദ്ദേശങ്ങൾ പാലിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 11.06.2026. ലെ G.O.(Rt) No.248/2026/DMD ഉത്തരവ്

**********************

01.06.2026-ന് ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, "ഓറഞ്ച് ബുക്ക് 2026 - മൺസൂൺ മുന്നൊരുക്കവും ദുരന്ത പ്രതികരണ മാർഗ്ഗനിർദ്ദേശങ്ങളും" സൂചന പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത നിവാരണത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ പ്രസ്തുത ഓറഞ്ച് ബുക്കിലെ **ഖണ്ഡിക 6.4-ലും,** ദുരന്ത അവശിഷ്ട പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ **ഖണ്ഡിക 6.4.1-ലും,** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത ലഘൂകരണ പദ്ധതി കോർഡിനേറ്റർമാർക്കുള്ള നിർദ്ദേശങ്ങൾ **ഖണ്ഡിക 5.12-ലും** ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഓറഞ്ച് ബുക്ക് 2026-ൽ, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും ദുരന്ത ലഘൂകരണ പദ്ധതി കോർഡിനേറ്റർമാരും നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുകയും മൺസൂൺ കാലയളവിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായും ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും ഏകോപനം നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. ദുരന്ത അവശിഷ്ടങ്ങളുടെ ശാസ്ത്രീയവും സമയബന്ധിതവുമായ പരിപാലനം ഉറപ്പാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ പാലനം അതീവ പ്രാധാന്യത്തോടെ ഉറപ്പാക്കേണ്ടതാണ്.

അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പകർപ്പ്

പ്രിസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Digitally signed by
Shaija R M
Date: 22-08-2026
12:15:36
സെക്ഷൻ ഓഫീസർ.

അനുബന്ധം :- ഓറഞ്ച് ബുക്ക് 2026 - മൺസൂൺ മുന്നൊരുക്കവും ദുരന്ത പ്രതികരണ മാർഗ്ഗനിർദ്ദേശങ്ങളും -